സി1/19763/റ്റിസി/2012

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം
ട്രാൻസ് ടവേഴ്സ്, തിരുവനന്തപുരം
തീയതി: 18-05-2016

പ്രേഷിതൻ

ട്രാൻസ്പോർട്ട് കമ്മീഷണർ

സ്വീകർത്താവ്

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാരും
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും

സർ,

വിഷയം: മോട്ടോർ വാഹന വകുപ്പ്-വാഹനങ്ങളുമായി ബന്ധപ്പെട്ട സേവനങ്ങൾ നൽകുന്നതിന് ക്ലിയറൻസ് സർട്ടിഫിക്കറ്റ് നിർബന്ധമാക്കുന്നത് സംബന്ധിച്ച്

സൂചന: 1. 18-04-2016 തീയതിയിലെ സർക്കാർ ഉത്തരവ് നം. ജി.ഒ.(പി) നം. 35/2016/ട്രാൻ

2. 21-04-2016 തീയതിയിലെ ഇതേ നമ്പർ മേലെഴുത്ത് കത്ത്

സൂചനകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. വാഹനങ്ങളുമായി ബന്ധപ്പെട്ടുള്ള സേവനങ്ങൾ നൽകുന്നതിന് ക്ലിയറൻസ് സർട്ടിഫിക്കറ്റ് നിർബന്ധമാക്കുന്നത് സംബന്ധിച്ച് സർക്കാർ സൂചന (1) പ്രകാരം പുറപ്പെടുവിച്ച ഉത്തരവ് സൂചന (2) പ്രകാരം താങ്കൾക്ക് അയച്ചു തന്നിരുന്നു.

1. പ്രസ്തുത ഉത്തരവ് കർശനമായി നടപ്പിൽ വരുത്തുന്നതിനു വേണ്ട കർശന നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

2. അപേക്ഷകൾ കൌണ്ടർ വഴി സ്വീകരിക്കുന്ന സമയത്ത് തന്നെ പൂരിപ്പിച്ചതും, രജിസ്റ്ററിംഗ് അതോറിറ്റി/അഡീഷണൽ രജിസ്റ്ററിംഗ് അതോറിറ്റിയുടെ ഒപ്പോട്ടു കൂടിയതുമായ "Form CC" അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടതാണ്.

3. വാഹനങ്ങളുടെ പേരിൽ എന്തെങ്കിലും ഒബ്ജക്ഷൻ ഉണ്ടെങ്കിൽ പ്രസ്തുത കാര്യം അപേക്ഷകനെ ഉടൻ തന്നെ അറിയിക്കേണ്ടതും, ആയത് എങ്ങനെ പരിഹരിക്കണമെന്നുള്ള കാര്യം അപേക്ഷകനെ പറഞ്ഞ് മനസ്സിലാക്കേണ്ടതുമാണ്.

4. മറ്റ് രജിസ്റ്ററിംഗ് അതോറിറ്റിയിൽ നിന്നും അപേക്ഷകൾ സ്വീകരിക്കുമ്പോൾ ഒറിജിനൽ രജിസ്റ്ററിംഗ് അതോറിറ്റി സമക്ഷം വാഹനത്തിന് എന്തെങ്കിലും ഒബ്ജക്ഷൻ ഉണ്ടോ എന്നുള്ള കാര്യം ടെലിഫോൺ വഴിയോ, ഇ-മെയിൽ വഴിയോ ആരായേണ്ടതും, പ്രസ്തുത വാഹനവുമായി ബന്ധപ്പെട്ട "Form CC" അയച്ചു നൽകുവാൻ ഒറിജിനൽ രജിസ്റ്ററിംഗ് അതോറിറ്റിയോട് ആവശ്യപ്പെടേണ്ടതുമാണ്.

5. ഇത്തരത്തിലുള്ള അപേക്ഷ ലഭിക്കുമ്പോൾ പ്രസ്തുത അപേക്ഷ 48 മണിക്കൂറിനുള്ളിൽ തന്നെ ഒറിജിനൽ രജിസ്റ്ററിംഗ് അതോറിറ്റി ഡിസ്പോസ് ചെയ്യേണ്ടതാണ്.

6. ഒറിജിനൽ രജിസ്റ്ററിംഗ് അതോറിറ്റിയിൽ നിന്നും വിവരം ആരായുമ്പോൾ വാഹനത്തിന് എന്തെങ്കിലും ഒബ്ജക്ഷൻ ഉണ്ടെന്ന് മനസ്സിലാകുന്ന പക്ഷം ഒറിജിനൽ രജിസ്റ്ററിംഗ് അതോറിറ്റിയുമായി ബന്ധപ്പെട്ട് പ്രസ്തുത ഒബ്ജക്ഷൻ ക്ലിയർ ചെയ്യുവാൻ അപേക്ഷകന് നിർദ്ദേശം നൽകേണ്ടതാണ്.

7. ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് പരിശോധനക്ക് മുൻപു തന്നെ വാഹനത്തിനെതിരായി എന്തെങ്കിലും ഒബ്ജക്ഷൻ നിലവിലുണ്ടോ, ഇല്ലയോ എന്നുള്ള കാര്യം ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ ഉറപ്പു വരുത്തേണ്ടതാണ്.

8. ഫിറ്റ്നസ്സ് പരിശോധനക്കായി ഓൺലൈൻ വഴി ലഭിച്ച അപേക്ഷകളുടെ ലിസ്റ്റ് തലേ ദിവസം തന്നെ ബന്ധപ്പെട്ട സെക്ഷനുകൾക്ക് ലഭ്യമാക്കുകയും, "Form CC" യിലുള്ള ക്ലിയറൻസ് സർട്ടിഫിക്കറ്റ് കരസ്ഥമാക്കേണ്ടതുമാണ്.

9. ഓഫീസുകളിൽ ലഭിക്കുന്ന ചെക്ക് റിപ്പോർട്ടുകൾ താമസംവിനാ പ്രോസസ്സ് ചെയ്യേണ്ടതാണെന്നു കൂടി ഇതിനാൽ ഓർമ്മപ്പെടുത്തുന്നു.

വിശ്വസ്തതയോടെ
ഒപ്പ്
ട്രാൻസ്പോർട്ട് കമ്മീഷണർ

അംഗീകാരത്തോടെ

08.6.16

സീനിയർ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ
(ടാക്സേഷൻ)